സംസ്ഥാനത്ത് നടന്ന കൊള്ളകൾ

42 (247) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര കൊള്ളകൾ നടന്നിട്ടുണ്ട് ;

(ബി) പ്രസ്തുത കൊള്ളകളിൽ പട്ടാപ്പകൽ നടന്ന കൊള്ളകൾ എത്രയെന്നറിയിക്കുമോ ; പ്രസ്തുത കൊള്ളകളിൽ പൊതുസ്ഥലത്തുവച്ചു നടന്നവയെത്ര എന്നറിയിക്കുമോ ;

(സി) പ്രസ്തുത കൊള്ളകളിൽ ഒരു വീട്ടിൽ നിന്നുതന്നെ ഒന്നിലധികം കൊള്ളകൾ നടന്നിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഓരോ വർഷവും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം

43(248) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്ത് രേഖപ്പെടുത്തിയ കൊലപാതകങ്ങൾ, തട്ടിക്കൊണ്ടുപോകൽ, മാനഭംഗം, കൊള്ള, മോഷണങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ, വർഗ്ഗീയ സംഘർഷങ്ങൾ എന്നിവയെ സംബന്ധിച്ചും രജിസ്റ്റർ ചെയ്ത കേസുകൾ, പിടികൂടിയ പ്രതികളുടെ എണ്ണം, ഇനി പിടികൂടാനുള്ള പ്രതികളുടെ എണ്ണം എന്നിവ സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കുമോ ;

(ബി) വർഗ്ഗീയ സംഘർഷം, രാഷ്ട്രീയ സംഘട്ടനം എന്നിവമൂലം എത്രപേർ മരിച്ചിട്ടുണ്ടെന്നും, എന്തൊക്കെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടെന്നും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇവ ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ;

(ഡി) 2010-ൽ കണ്ണൂർ ജില്ലയിൽ മാത്രം എത്ര രാഷ്ട്രീയ സംഘട്ടനങ്ങളും സംഘർഷങ്ങളുമുണ്ടായി, ഏതൊക്കെ രാഷ്ട്രീയ പാർട്ടികളാണ് അവയിൽ ഉൾപ്പെട്ടത് ; എത്രപേർക്ക് ജീവഹാനിയുണ്ടായി ; എത്രപേർക്ക് പരിക്കേറ്റു ; വസ്തുവകകൾക്ക് എന്തു നാശമുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly